**<u>തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (എ&റ്റി) യുടെ നടപടിക്രമം</u>**

**വിഷയം :** ആ.വ.ഡ - ജീവനക്കാര്യം - സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 തസ്തികയിലെ സ്ഥലംമാറ്റം സംബന്ധിച്ച്.

പരാമർശം: 1) ഇഇ 6/86370/2019/ആവഡ 22.12.2020 തീയതിയിലെ സ്ഥാനകയറ്റം ഉത്തരവ്
2) 3.2.2021 തീയതിയിലെ ഇഇ 6/86370/19/ആവഡ പുന പരിശോധിച്ച ഉത്തരവ്
3) 17.2.2021 തീയതിയിലെ ഇഇ 6/86370/2019/ആവഡ ഉത്തരവ്

**<u>ഉത്തരവ് നമ്പർ ഇ.ഇ.6/ 86370/2019 ആവഡ തീയതി 23.02.2021</u>**

മേൽ പരാമർശം ഉത്തരവ്വ പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ നിന്ന് സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകി ഉത്തരവാകുകയും പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സ്ഥാനകയറ്റം ലഭിച്ച ജീവനക്കാരെ പ്രസ്തുത കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിൽ നിയമിക്കുകയും ചെയ്തിരുന്നു. പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സീനിയറായ ജീവനക്കാരുടെ അപേക്ഷകൾ പരിഗണിച്ച് സ്ഥലംമാറ്റം നൽകുന്ന പക്ഷം പരാമർശം (1) ഉത്തരവ്വ പ്രകാരമുള്ള നിയമനങ്ങൾ പുനഃപരിശോധിക്കപ്പെടും എന്ന നിബന്ധനയിന്മേലാണ് പ്രസ്തുത സ്ഥാനകയറ്റം നൽകി ഉത്തരവായിരിക്കുന്നത്. തുടർന്ന് പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ച ശേഷം പരാമർശം (2) ഉത്തരവ് മുഖേന പരാമർശം (1) ഉത്തരവിലെ നിയമനങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായവയിൽ പുനർ നിയമനം നൽകി ഉത്തരവായിരുന്നു. സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ നിന്ന് ഹെഡ് നഴസ് തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം തുടർന്ന് നടത്തിയതുവഴി ഗ്രഡ് -1 തസ്തികയിൽ ഒഴിവ് നിലവിൽ വന്ന സാഹചര്യത്തിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് പരാമർശം (3) ഉത്തരവ് മുഖേന വീണ്ടും സ്ഥലം മാറ്റം നൽകിയിരുന്നു. എന്നാൽ പരാമർശം (2), (3) ഉത്തരവുകൾ അടുത്തടുത്ത കാലഘട്ടത്തിൽ പുറപ്പെടുവിച്ച സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പരാമർശം (2) ഉത്തരവ് മുഖേന പുനർ നിയമനവും പരാമർശം (3) ഉത്തരവ് മുഖേന സ്ഥലം മാറ്റവും നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം തുടർച്ചയായി വിവിധ ജില്ലകളിലേയ്ക്കുള്ള സ്ഥലംമാറ്റം ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാൻ ഇടയാക്കുന്നതിനാലും കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ തുടർച്ചയായ യാത്രകൾ ഒഴിവാക്കുന്നതിനും ഭരണപരമായ സൗകര്യം പരിഗണിച്ചും പരാമർശ ഉത്തരവുകൾ സംബന്ധിച്ച് താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1) പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥാനകയറ്റം നൽകി ജില്ലയ്ക്ക് പുറത്തേയ്ക്ക് നിയമിക്കപ്പെടുകയും ആയതിൻ പ്രകാരം ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ജീവനക്കാർക്ക് പരാമർശം (2) ഉത്തരവ് മുഖേന മറ്റൊരു ജില്ലയിലേയ്ക്ക് പുനർനിയമനം നൽകുകയും വീണ്ടും പരാമർശം (3) ഉത്തരവ് മുഖേന മാതൃ ജില്ലയിലേയ്ക്ക് / അപേക്ഷിച്ച ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ള പക്ഷം അവർ നിലവിലെ ജില്ലയിൽ നിന്ന് പരാമർശം (3) പ്രകാരം നിയമനം ലഭിച്ച ജില്ലയിലെ സ്ഥാപനത്തിലേയ്ക്ക് ജോലിയിൽ പ്രവേശിച്ചാൽ മതിയാകും. അത്തരം ജീവനക്കാർ പരാമർശം (2) പ്രകാരം നിയമനം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതില്ല.

1708900

GOVERNMENT OF KERALA

2) പരാമർശം (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ബന്ധപ്പെട്ട ജില്ലയിൽ ജോലിയിൽ പ്രവേശിച്ച് തുടർന്ന് വരവേ പരാമർശം (2) ഉത്തരവ് പ്രകാരം പുനർ നിയമനം ലഭിച്ച് ഇതിനോടകം വിടുതൽ ചെയ്യുകയും പരാമർശം (3) ഉത്തരവ് പ്രകാരം സ്ഥലം മാറ്റം ലഭിക്കുകയും ചെയ്തിട്ടുള്ള ജീവനക്കാർക്ക് പരാമർശം (3) പ്രകാരം നിയമനം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കാവുന്നതാണ്. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ/സ്ഥാപന മേധാവികൾ ഇതിനായുള്ള അനുമതി നൽകേണ്ടതാണ്.

3) ഇപ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ സേവന പുസ്തകത്തിൽ ആവശ്യമായ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

4) പരാമർശം (1) പ്രകാരം ജോലിയിൽ പ്രവേശിച്ച് പരാമർശം (2), (3) എന്നീ ഉത്തരവുകൾ മുഖേന പുനർ നിയമനം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ പരാമർശം (1) ഉത്തരവ് പ്രകാരം നിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യാത്ത പക്ഷം അവരെ പരാമർശം (3) പ്രകാരം നിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യാവുന്നതാണ്.

5) മേൽ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ജോലിയിൽ പ്രവേശിച്ചവർക്ക് മാത്രം ബാധകമായിട്ടുള്ളതാണ്. പരാമർശം (1) പ്രകാരം നാളിതുവരെ ജോലിയിൽ പ്രവേശിക്കാത്ത ജീവനക്കാർക്ക് പരാമർശം (3) പ്രകാരം സ്ഥലംമാറ്റം നൽകിയിട്ടുള്ള പക്ഷം അവർ പരാമർശം (2) പ്രകാരം പുനർ നിയമനം ലഭിച്ച ജില്ലകളിൽ സ്ഥാനകയറ്റം സ്വീകരിച്ച് ജോലിയിൽ പ്രവേശിച്ച ശേഷം മാത്രമേ പരാമർശം (3) പ്രകാരമുള്ള നിയമനത്തിൽ ജോലിയിൽ പ്രവേശിക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ /ജില്ലാ മെഡിക്കൽ ഓഫീസർമാർ ശ്രദ്ധ പുലർത്തേണ്ടതാണ്.

6) സ്ഥാനകയറ്റം ലഭിച്ച ശേഷം ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി അനിശ്ചിതമായി നീട്ടി കൊണ്ടുപോകുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ് . സ്ഥാനകയറ്റം വഴി മറ്റു ജില്ലകളിൽ നിയമനം ലഭിച്ച ജീവനക്കാരെ കഴിവതും വേഗം വിടുതൽ ചെയ്യേണ്ടതും നിയമനം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്. ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി നീണ്ടു പോകുന്ന പക്ഷം സ്ഥാനകയറ്റം ലഭിച്ച തസ്തികയിലെ സീനിയോറിറ്റി ക്രമം കെ .എസ്.&എസ്.എസ്.ആർ ചട്ടം 27 (സി) പ്രകാരം മാത്രമേ നിശ്ചയിക്കപ്പെടുകയുള്ളൂ.

ഒപ്പ്,
ഡോ.പ്രീത.പി.പി
അഡീഷണൽ ഡയറക്ടർ (എ&റ്റി)(I/C)

പകർപ്പ് – 1) ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും /ബന്ധപ്പെട്ട ജീവനക്കാർക്കും/ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2) ഫയൽ/കരുതൽ ഫയൽ

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

1708901